# മുഖവുര

### I. എന്തുകൊു ബൈബിൾ ചരിത്രം പഠിക്കണം?

ചോദ്യം ശരിയായതു തന്നെ. ശുശ്രൂഷകൻ ബൈബിൾ പഠിക്കണം എന്നതു *പ്രതീക്ഷിക്കുന്ന*താണ്. അയാളെ സംബന്ധിച്ചു അതു പഠിക്കേതും, മറ്റുള്ളവരെ പഠിപ്പിക്കേതുമാണ്. എല്ലാ ക്രിസ്ത്യാനികളും അവരുടെ വ്യക്തിപരമായ ആത്മികവർദ്ധനവിനു ബൈബിൾ വായിക്കണം. എന്നാൽ ക്രമമായ രീതിയിൽ ബൈബിൾ ചരിത്രം പഠിക്കേത് എന്തുകൊ് ഒരുകോളേജിന്റെ പാഠ്യവിഷയത്തിന്റെ ഭാഗമാക്കണം?

**1. കാരണം ബൈബിൾ വളരെ വിസ്തൃതമായി അറിയപ്പെടുന്നതാണ്.** – അതിലെ സംഭവങ്ങളെല്ലാം ക്രിസ്തീയലോകത്തിലുള്ള കുടുംബങ്ങളിൽ വായിക്കുകയോ അല്ലെങ്കിൽ ആവർത്തിക്കപ്പെടുകയോ ചെയ്യുന്നു്. സഭയിലും, ലോഡ്ജുകളിലും, നിയമനിർമ്മാണ മന്ദിരങ്ങളിലും, നീതിന്യായകോടതികളിലും അതിന് മാന്യമായ ഒരു ഉയർന്ന സ്ഥാനമു്. അതിൽ നമ്മുടെ ഏറ്റവും ആധുനിക സാഹിത്യവും ഉൾപ്പെടുന്നു, മുന്നൂറു ഭാഷകളിലും ഉപഭാഷകളിലും[1] അതു തർജിമ ചെയ്യപ്പെട്ടിട്ടുമു്. ലോകത്തിലുള്ള മറ്റേതൊരു പുസ്തകത്തേക്കാളും പത്തിരട്ടി പുസ്തകങ്ങൾ നേരിട്ടും അല്ലാതെയും ഇതിൽനിന്നു ായിട്ടു്. *അത്തരം* വിസ്തൃതമായി അറിയപ്പെടുന്ന, ഒരു പുസ്തകം, ക്രിയാത്മകമായതു, ഏതൊരു സാഹ്ത്യപരിഷ്ക്കാര വ്യവസ്ഥയിലും ഉൾപ്പെടുത്തേതാണ്.

**2. കാരണം അതു കുറച്ചു മാത്രം അറിയപ്പെടുന്നതാണ്.** – ആളുകൾ ബൈബിളിലുള്ളതു വായിക്കുന്നതിനേക്കാൾ കൂടുതലായി ബൈബിളിനെ കുറിച്ചു വായിച്ചുകൊിരിക്കുകയാണ്. അവർ പഠിക്കുന്നതിനേക്കാൾ കൂടുതൽ ബൈബിൾ വായിക്കുന്നു്. അവർക്കു അതിനെകുറിച്ചുള്ള അറിവു തീർച്ചയില്ലാത്തതും പൂർണ്ണതയില്ലാത്തതുമാണ്. അവർക്കു അതിനെകുറിച്ചു *ചേർച്ചയുള്ള* ഒരു കാഴ്ചപ്പാട് ഇല്ല. മിസ്രയിമിന്റെയും പാർസിയുടെയും, ഗ്രീക്കിന്റെയും റോമിന്റെയും ചരിത്രപരമായ ബാഹ്യരൂപരേഖ തയ്യാറാക്കുവാനാണ് വിദ്യാർത്ഥി പഠിക്കുന്നത്. കോളേജ് ബിരുദധാരികളിൽ എത്ര പേർക്ക് അബ്രഹാമിനെ അല്ലെങ്കിൽ മോശെയെ, അല്ലെങ്കിൽ ദാവീദിനെ കുറിച്ചു ബുദ്ധിപരമായ വിവരണം നൽകുവാൻ കഴിയും, അല്ലെങ്കിൽ യേശുവിന്റെയോ പൗലൊസിന്റേയോ ജീവിതത്തിലെ ഒരു ഡസൻ വസ്തുതകൾ ക്രമമായി വിവരിക്കുവാൻ കഴിയും?

**3. കാരണം ബൈബിളിന്റെ പദ്ധതി തന്നെ ചരിത്രപരമാണ്.** – അതു യുക്തിപരമോ അല്ലെങ്കിൽ ശാസ്ത്രീയമോ അല്ല. അതിലെ പേജുകളിൽ വീടെുപ്പ് ചരിത്രപരമായി വെളിപ്പെടുത്തിയിരിക്കുകയാണ്; അതു ചരിത്രപരമായി പഠിക്കണം. ബൈബിളിലെ ഒരു വാക്യത്തി ന്റെയും, ഒരു വസ്തുതയുടെയും, ഒരു കഥാപാത്രത്തിന്റെയും ചരിത്രപരമായ വിവരണത്തിൽ നിന്നു, ഒരാൾക്ക് നന്മ ലഭിക്കുമെന്നു നിസംശയം പറയാം; അപ്പോൾ അതിന്റെ ബന്ധങ്ങളെ കുറിച്ചു മനസ്സിലാക്കിയാൽ എത്രയധികം ലഭിക്കും! നമ്മുടെ വിസ്മയത്തിനായി ഒരു കലാരൂപത്തെ മുറിച്ചു ചെറിയ ഭാഗങ്ങളാക്കി വെക്കുന്നു എന്നു വിചാരിക്കുക; ഇവിടെ ഒരു കുറ്റിക്കാടും, അവിടെ ഒരു

പാറയും, മറ്റൊരു ഭാഗത്ത് നീലാകാശത്തിന്റെ കൂട്ടിച്ചേർത്ത കഷ്ണവുമു് അല്ലെങ്കിൽ തെളിഞ്ഞ കണ്ണാടി പോലെ പ്രതിബിംബിക്കുന്ന ഒരു തടാകവുമു്! അവ ഓരോന്നിനും, അതതിന്റെ, യോഗ്യതയുള്ളതാണെന്നതിനു സംശയമില്ല, എങ്കിലും മനുഷ്യർ കലയുടെ ഉന്നതമായ സൃഷ്ടികളെ കുറിച്ചു പഠിക്കുന്നില്ല; അവർ അതുപോലെ ഉന്നതനായ ആത്മാവിന്റെ വെളിപ്പെടുത്തലുകളെ കുറിച്ചും പഠിക്കുന്നില്ല. അവരിൽ, ലൂതറിന്റെതിയറി, മാഗ്നാ കാർട്ട, അല്ലെങ്കിൽ അബ്രഹാം ലിങ്കണിന്റെ സ്വഭാവം എന്നിവയെ കുറിച്ച്, താല്പര്യപൂർവ്വം പഠിക്കുവാൻ മതിയായവയാണ്; ചരിത്രരംഗങ്ങളിലൂടെ നോക്കിയാൽ, അവ *അതിശയകരമായ* താല്പര്യം ജനിപ്പിക്കുന്നു്. നിങ്ങൾ അബ്രഹാമിനെയോ മോശെയെയോ അല്ലെങ്കിൽ ദാവീദിനെയോ പൗലൊസിനെയോ കുറിച്ചു അറിയുമ്പോൾ, നിങ്ങൾ അബ്രഹാമിന്റെ ഉടമ്പടിയെകുറിച്ചും, സിനായി പർവ്വതത്തിലെയും കാൽവറിയിലെയും രംഗങ്ങളെ കുറിച്ചും, അല്ലെങ്കിൽ പെന്തെകൊസ്തു നാളിലെ പ്രസംഗത്തെകുറിച്ചും പ്രശംസിക്കുകയാണെങ്കിൽ, അവ എല്ലാം ഉന്നതമായ ഒന്നിന്റെ ഭാഗമായി നിങ്ങൾ മനസിലാക്കണം. ബൈബിൾ ചരിത്രപരമായി തന്നെ പഠിക്കണം.

**4. അതിന്റെ ഐക്യത തിരിച്ചറിയുവാൻ.** – ബൈബിൾ ഒരു പുസ്തകമല്ല; പല പുസ്തകങ്ങളാണ്. അതിന്റെ നാല്പതു എഴുത്തുകാരും ദൂരത്തിലും സമയത്തിലും നൂറ്റാുകളുടെ വ്യത്യാസമുള്ളവരായിരുന്നു. ആട്ടിടയന്മാരും മുക്കുവരും മുതൽ രാജകീയ കവികളും അച്ചടക്കമുള്ള പണ്ഡിതന്മാരുംവരെ, എല്ലാ സംസ്ക്കാരങ്ങളിലുമുള്ളവർ അവരിൽ ഉൾപ്പെട്ടിരുന്നു. അതിൽ ചേർന്നിരുന്ന ഓരോന്നും വളരെ മഹത്തായതായിരുന്നു; ചരിത്രം, നിയമം, പദ്യം, ഇതിഹാസവും ഗാനങ്ങളും, സദൃശവാക്യം, പ്രവചനം, ഉപമം, വാഗ്വൈഭവം, ലേഖനങ്ങൾ, പ്രസംഗങ്ങൾ, എല്ലാം അതിന്റെ മനോഹര താളുകളിൽ സ്ഥാനം പിടിച്ചിട്ടു്. അതിലുപരി, ആ നാല്പതു എഴുത്തുകാർ പ്രവർത്തിച്ചതു[2] തങ്ങളുടെ പ്രവൃത്തികൾ അന്യോന്യം അറിയാതെയാണ്. എന്നിട്ടും അത് ഒരു പുസ്തകമായിതീർന്നു. അറിയാതെയാണെങ്കിലും, യഥാർത്ഥമായ, ആത്മാവിന്റെ ഐക്യതയോടും ലക്ഷ്യത്തിലുള്ള ഐക്യതയോടുമാണ് ആ നാൽപതു എഴുത്തുകാരും അതു രൂപപ്പെടുത്തിയത്. മുറിക്കുവാൻ പറ്റാത്ത ദൈവികോദ്ദേശത്തിന്റെ നൂലും, ദിവ്യ യാഗത്താൽ മനുഷ്യരെ വീടെടുക്കുന്ന ചുവപ്പുനൂലും, അറുപത്തി-ആറു പുസ്തകങ്ങളിലൂടെ കടന്നു, അവയെ ഒന്നിച്ചു തുന്നിച്ചേർത്തു. കുറേശെ കുറേശെ, വർഷങ്ങൾകൊ്, ആ ഉദ്ദേശം വെളിപ്പെടുത്തി; "ആദ്യം ബ്ലെയിഡ്, പിന്നെ ചെവി, പിന്നെ മുഴുവനായ ചോളം." ചിത്രത്തിൽ മുഖ്യമായി കാണുന്നത് ക്രിസ്തുവിനെയാണ്. അവന്റെ തലയിലേക്കു രേഖകൾവന്നു ചേരുന്നു, അതു ഒന്നുകിൽ നഷ്ടപ്പെട്ടു പറുദീസയിൽനിന്നു മുമ്പോട്ടോ, അല്ലെങ്കിൽ വീടെടുക്കപ്പെട്ടു പറുദീസയിൽനിന്നു പുറകോട്ടോ ആണ്. ക്രിസ്തുവാണ് മുഖ്യം; അവനെകൂടാതെ എല്ലാം *കുഴപ്പമാണ്;* അവനോടുകൂടെ എല്ലാം *കോസ്മോസും*, മനോഹരവും, ക്രമവും, ഐക്യവുമുള്ളതാണ്.

**5. ഒരു മനുഷ്യചരിത്ര പുസ്തകമായിട്ട്.** – തന്റേതായ വിധത്തിലുള്ള ചരിത്രം അറിയാത്ത ആർക്കും ഒന്നിനെ കുറിച്ചും അറിയാമെന്നു അവകാശപ്പെടുവാൻ കഴിയുകയില്ല. വ്യക്തിപരമായ നായകത്വത്തിന്റെ അല്ലെങ്കിൽ ബുദ്ധിഹീനതയുടെ ഉയർന്ന പാഠങ്ങളും, എല്ലാ കാലത്തെയും പുതിയ സാഹിത്യങ്ങളും, ചരിത്രത്തിൽ നിഗൂഢമായിരിക്കുന്നു. ഭൂമിയിലെ ഏറ്റവും

ശ്രദ്ധേയമായ വംശമായിരുന്ന എബ്രായരുടെ, ആരംഭത്തെയും ഭാഗ്യാവസ്ഥ യെയും കുറിച്ചു ബൈബിൾ പൂർണ്ണമായി വരച്ചു വ്യക്തമാക്കിയിരിക്കുന്നു. *അവരുടെ* ചരിത്രത്തിന്റെ നൂലുകൾ ഓരോ മഹത്തായ പ്രാചീന ദേശങ്ങ ളുടെ ഭാഗ്യത്തോടൊപ്പം തുന്നിചേർത്തിരിക്കുന്നു. അങ്ങനെ കൽദയ, മിസ്ര യീം, അശൂര്യ, ബാബിലോൺ, പാർസി, മക്കെദോന്യ കൂടാതെ റോം എന്നീ രാജ്യങ്ങൾ ക്രമത്തിൽ സ്പർശിച്ചിരിക്കുന്നു.

**6. ബൈബിളിലുള്ള ഒരാളുടെ വിശ്വാസം സൂക്ഷിക്കുവാൻ.** – ആയിര ക്കണക്കിനു ബാലിശമായ ആശയങ്ങൾ നമ്മിൽ കുമിഞ്ഞു കൂടിയിരിക്കു ന്നു. വർഷങ്ങളുടെ അസാന്നിധ്യത്തിൽ നിന്നു നാം ബാല്യത്തിലേക്കു മടങ്ങി വരുന്നു. എല്ലാം എങ്ങനെ മാറിയിരിക്കുന്നു! പഴയവീടും കളപ്പുരയും, നാം കളിച്ചിരുന്ന സ്ഥലവും ജോലി ചെയ്തിരുന്ന വയലും, നാം കയറിയിറങ്ങിയ കുന്നിൻചെരിവും, നാം കുളിച്ചിരുന്ന അല്ലെങ്കിൽ മീൻ പിടിച്ചിരുന്ന അല്ലെ ങ്കിൽ നീന്തിയിരുന്ന അരുവിയും, എല്ലാം നമ്മുടെ ഓർമ്മയിലേക്കു വരു ന്നു. നമ്മുടെ ജീവിതം, അകത്തും പുറത്തും, വിപുലമായിരിക്കുന്നു. ബാല്യ ത്തിലെ മറ്റു ആശയങ്ങളോടൊപ്പം, നമ്മുടെ പിതാക്കന്മാരുടെ ബൈബിളി ലുള്ള വിശ്വാസം നാം അകറ്റിയിരിക്കുന്നതു ആപത്തുാക്കുന്നു. അതിനെ കുറിച്ചുള്ള യഥാർത്ഥ അജ്ഞതയിലാണ് നമ്മുടെ അപകടം ഉള്ളത്; പ്രതി വിധിയുള്ളത്, പരിജ്ഞാനം, ശ്രേഷ്ഠമായി മനസിലാക്കുന്നതിലുമാണ്.

## II. ബൈബിൾ ചരിത്രത്തിന്റെ വിഷയം.

പ്രാഥമിക വിഷയം മതപരമാണ്. എല്ലാ ചരിത്രത്തിലും മതം പ്രധാനമാ ണ്. അതിൽ കല, പദ്യം, നിയമങ്ങൾ, ആചാരങ്ങൾ, പോരാട്ടത്തോടെയുള്ള കുടുംബജീവിതം, എന്നിവ ഇടകലർന്നിരിക്കുകയാണ്. അപ്പോഴും, ഒരു നിയമം എന്ന നിലയിൽ, അതിനെ യാദൃശ്ചികമായി കിട്ടിയതെന്ന വിധത്തിൽ, രാം സ്ഥാനത്തേക്കു മാറ്റി കാണുന്നു. രാഷ്ട്രീയപരവും ബുദ്ധിപരവുമായ ജീവിതം, വാസ്തുവിദ്യയുടെ വലിയ സാമ്രാജ്യം അല്ലെങ്കിൽ മനോഹര സ്മാരകം കെട്ടിയുയർത്തൽ, കലയുടെ അല്ലെങ്കിൽ നിയമത്തിന്റെ അല്ലെ ങ്കിൽ സാഹിത്യപ്രസിദ്ധീകരണങ്ങളുടെ അസാധാരണ സൃഷ്ടികൾ, – ഇവ ഒക്കെയാണ് ഒന്നാം സ്ഥാനത്തു നില്ക്കുന്നത്.

നേരെ മറിച്ച്, ബൈബിൾ ചരിത്രത്തിൽ, മതപരമായ ഉദ്ദേശമാണ് മുന്നിട്ടു നില്ക്കുന്നത്. സത്യത്തിൽ, ആദ്യം മുതൽ അവസാനം വരെയുള്ള ആ സംഭ വങ്ങളിൽ, ദൈവം തിരഞ്ഞെടുത്ത ജനം പുായിരുന്ന വലിയ ദേശങ്ങ ളുമായി ബന്ധപ്പെട്ടു. *അവരുടെ* അധികാരത്തിലേക്കുള്ള ഉയർച്ചയും, അവ രുടെ വീഴ്ച്ചക്കുള്ള കാരണവും ചില പാഠങ്ങൾ നമ്മെ പഠിപ്പിക്കുന്നു്. അപ്പോഴും, ബൈബിളിൽ സാധാരണ ചരിത്രം യാദൃശ്ചികമാണ്. *പ്രാഥമിക ഉദ്ദേശം* എന്തെന്നാൽ വാസ്തവത്തിലുള്ള മതത്തിന്റെ *ഉത്ഭവം* ചരിത്രപര മായ വളർച്ച എന്നിവ മൂന്നുഘട്ടങ്ങളിൽ കത്തുെകയാണ് – പിതാക്കന്മാ രുടെ കാലം, യെഹൂദകാലം കൂടാതെ ക്രിസ്തീയകാലം. ഒരാൾ ഒരു വലിയ ചരിത്രപരമായ മതത്തെ അവിശ്വസിച്ചാലും, അതു ബുദ്ധിപരമായി ഗ്രഹി ക്കാതെ അവന് അതിനു സാധ്യമല്ല.

## III. ബൈബിൾ ചരിത്രത്തിന്റെ കാലങ്ങൾ.

മൂന്നു പ്രധാന സംഭവങ്ങൾ ബൈബിൾ ചരിത്രത്തെ മൂന്നു കാലങ്ങൾ

അഥവാ ഈശ്വരാജ്ഞകളായി അടയാളപ്പെടുത്തുന്നു. അവ: (1) സിനായ് പർവ്വതത്തിൽവെച്ച് മോശെയുടെ ന്യായപ്രമാണം നല്കുന്നതും; (2) പെന്തെകൊസ്തുനാളിൽ പരിശുദ്ധാത്മാവു ഇറങ്ങിവരുന്നതും; (3) അവസാനത്തെ അപ്പൊസ്തലന്റെ മരണവും. ഇങ്ങനെ കാലങ്ങളെ നിർവ്വചിക്കാം:

1. പിതാക്കന്മാരുടെ കാലം,[3] ബി.സി. 4004-1491. സൃഷ്ടി മുതൽ ന്യായപ്രമാണം നൽകുന്നതുവരെ.

2. യെഹൂദകാലം, ബി.സി. 1491-ഏ.ഡി. 30. ന്യായപ്രമാണം നൽകുന്നതുമുതൽ പരിശുദ്ധാത്മാവു ഇറങ്ങുന്നതുവരെ.

3. ക്രിസ്തീയകാലം, ഏ.ഡി. 30-100. പരിശുദ്ധാത്മാവു ഇറങ്ങിവരുന്നതുമുതൽ അപ്പൊസ്തലനായിരുന്ന യോഹന്നാന്റെ മരണം വരെ.

ആദ്യത്തേതിനു കുടുംബസ്വഭാവമായിരുന്നു - കുടുംബവെളിപ്പാട്, കുടുംബമതം, കുടുംബഭരണം ആയിരുന്നു; രാമത്തേത്, ദേശവുമായുള്ളത് - ദേശിയമതം, ഒരു ദേശിയ ഉടമ്പടി; മൂന്നാമത്തേത്, വംശീയമായതാണ് - ലോകവ്യാപകമായ മതവും സന്ദേശവും. ആദ്യകാലത്ത് ദൈവം കുടുംബത്തോടു കുടുംബത്തലവന്മാർ മുഖേന സംസാരിച്ചു; രാമത്തേതിൽ, ദൈവം മോശെ മുഖാന്തരം ഒരു ദേശത്തോടു സംസാരിച്ചു; മൂന്നാമത്തേതിൽ, ദൈവം ലോകത്തോടു തന്റെ പുത്രൻ മുഖാന്തരം സംസാരിക്കുന്നു.

## IV. പഴയനിയമചരിത്രത്തിന്റെ കാലങ്ങൾ.

ചരിത്രസംഭവങ്ങൾ ശരിയായ കാഴ്ച്ചപ്പാടിൽ കാണുവാൻ, ഒരാൾ *ചരിത്രരേഖകളും* അവയുടെ തീയതികളും ഉറപ്പാക്കേതു്. ഓരോ സംഭവത്തിന്റേയും ശരിയായ കാലത്തെ പരിശോധിച്ചുകൊു, ഒരു മണിക്കൂർ ചെലവിടുമ്പോൾ, ആയുഷ്ക്കാല സേവനത്തിനുള്ള തെളിവാണ് ലഭിച്ചത്:

1. പളയത്തിനു മുൻപുള്ള കാലം, ബി.സി. 4004-2348. സൃഷ്ടി മുതൽ പ്രളയം വരെ.
2. പ്രളയത്തിനു-ശേഷം, ബി.സി. 2348-1921. പ്രളയം മുതൽ അബ്രഹാമിനെ വിളിക്കുന്നതുവരെ.
3. പിതാക്കന്മാരുടെ, ബി.സി. 1921-1706. അബ്രഹാമിനെ വിളിക്കുന്നതു മുതൽ മിസ്രയീമിൽ കുടിയേറി പാർക്കുന്നതുവരെ.
4. പ്രവാസം, ബി.സി. 1706-1491. മിസ്രയീമിൽ കുടിയേറി പാർത്തതു മുതൽ പുറപ്പാടു വരെ.
5. അലഞ്ഞുതിരിയൽ, ബി.സി. 1491-1451. പുറപ്പാടുമുതൽ യോർദ്ദാൻ കടക്കുന്നതുവരെ.
6. കീഴടക്കൽ, ബി.സി. 1451-1400. യോർദ്ദാൻ കടക്കുന്നതുമുതൽ യോശുവയുടെ മരണം വരെ.
7. ന്യായാധിപന്മാർ, ബി.സി. 1400-1095. യോശുവയുടെ മരണം മുതൽ ശൗലിനെ അഭിഷേകം ചെയ്യുന്നതുവരെ.
8. ഏകീകൃതരാജ്യം, ബി.സി. 1095-975. ശൗലിനെ അഭിഷേകം ചെയ്യുന്നതുമുതൽ രെഹൊബയാമിനെ അംഗീകരിക്കുന്നതു വരെ.
9. ഇരട്ട രാജ്യം, ബി.സി. 975-722. രേഹൊബയാമിനെ അംഗീകരിക്കുന്നതു മുതൽ ശമര്യയുടെ വീഴ്ച്ച വരെ.
10. യെഹൂദാ മാത്രം, ബി.സി. 722-586 വരെ. ശമര്യയുടെ വീഴ്ച്ച മുതൽ യെരുശലേമിന്റെ വീഴ്ച്ച വരെ.

11. നാടുകടത്തൽ, ബി.സി. 586–536 വരെ. യെരുശലേമിന്റെ വീഴ്ച്ച മുതൽ സെരുബാബേലിന്റെ കീഴിൽ മടങ്ങിവരുന്നതു വരെ.
12. നാടുകടത്തലിനു-ശേഷം, ബി.സി. 536–400 വരെ. മടങ്ങി വരവു മുതൽ പഴയനിയമത്തിന്റെ അവസാനം വരെ.

---

കുറിപ്പുകൾ

[1]ഈ കണക്ക് 1921-ലെ തർജ്ജിമയുടെ പുരോഗതി കാണിക്കുന്നതാണ്. [2]ഡീനിന്റെ "കൈപ്പണിയായിരുന്നു." [3]പ്രാചീന ബൈബിൾ കാലനിർണ്ണയം വളരെ നിശ്ചയമില്ലാത്തതാണ്. അശ്ശൂറിലേതുപോലെയുള്ള, ഏതെങ്കിലും സ്വീകാര്യമായ വ്യവസ്ഥക്കു, നമ്മുടെ ബൈബിളിൽ നൽകിയിരിക്കുന്നതും നോക്കേതു്. പുറപ്പാട് നൂറുമുതൽ നൂറ്റി അൻപതു വർഷങ്ങൾക്കുശേഷമുള്ളതാണ്.